**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ പ്രോഗ്രാമുകൾ -അഡ്മിഷൻ റൂൾസ് ലംഘിച്ചുകൊണ്ടുള്ള പ്രവേശനം-അധിക നിർദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 6422/AC A 1/2021/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 28.11.2021

---

*പരാമർശം:*-1.)U.O.No.Ac A1/3/2636/2006 dtd.04.05.2006

**<u>ഉത്തരവ്</u>**

കോളേജ് അധികൃതർ നടത്തിവന്നിരുന്ന ക്രമ വിരുദ്ധമായ വിദ്യാർത്ഥി പ്രവേശനം മൂലം റിസൾട്ട് പ്രഖ്യാപനം വൈകുന്നതുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ വരുകയും ഇപ്രകാരമുള്ള വീഴ്ചകൾ തടയുവാൻ കോടതിയിൽ നിന്നും സർവ്വകലാശാല കർശന നടപടികൾ നേരിടുകയും ചെയ്തിരുന്നു.

ടി വിഷയം വിശദമായി പരിശോധിക്കുകയും കോളേജ് അധികൃതർ നടത്തിവന്നിരുന്ന ക്രമ വിരുദ്ധമായ വിദ്യാർത്ഥി പ്രവേശനം മൂലം സർവ്വകലാശാലയ്ക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടു പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കൂടാതെ സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ പ്രോഗ്രാമുകളിലേക്ക് പ്രവേശനം നേടുകയും, എലിജിബിലിറ്റി ഇല്ലാത്തതിന്റെ പേരിൽ പരീക്ഷ എഴുതാൻ സാധിക്കാത്തതുമായ വിദ്യാർത്ഥികളിൽ നിന്നും പരീക്ഷ എഴുതുന്നതിനുള്ള അനുമതിക്കായി നിരവധി അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. ടി സാഹചര്യം പരിഗണിച്ചുകൊണ്ട് വൈസ് ചാൻസലർ ചുവടെ ചേർത്തിരിക്കും പ്രകാരം തീരുമാനം കൈക്കൊണ്ടു.

*"പ്രസ്തുത വിദ്യാർത്ഥികളെ താൽക്കാലികമായി (PRN നൽകാതെ) ഒന്നാം സെമസ്റ്റർ പരീക്ഷകൾ മാത്രം എഴുതാൻ അനുവദിക്കുന്നതും, കോഴ്സിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തിയാൽ മാത്രം ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തുന്നതും അല്ലാത്തപക്ഷം തുടർന്നുള്ള പരീക്ഷകൾക്ക് അനുമതി നിഷേധിക്കുന്നതുമാണ്. സർവ്വകലാശാല നടത്തുന്ന എല്ലാ പരീക്ഷകൾക്കും ഈ മാനദണ്ഡം ബാധകമാണ്. "*

Draft #1 of File 159620/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 27-Nov-2021 01:53 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ
2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
5.ഓഡിറ്റ്/അക്കൗണ്ട്സ്/ ഫിനാൻസ്/ പരീക്ഷ / അക്കാദമിക് സെക്ഷനുകൾ
6.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യു.എ .സി / സിറ്റാഡ് / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ
7.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 159620/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 27-Nov-2021 01:53 PM - Page 2